# മൊയ്തുപടിയത്തിന്റെ നോവലിലെ ലൈംഗികരാഷ്ട്രീയം

**ഫാത്തിമ ആർ.വി**
ഗവേഷക, സാഹിത്യപഠനം
മലയാളസർവ്വകലാശാല, തിരൂർ
Email: fathimarv1981@gmail.com

**സംഗ്രഹം**

മലയാളത്തിലെ ജനപ്രിയനോവലിസ്റ്റുകളിൽ ഒരാളായ മൊയ്തുപടിയത്ത് തിരക്കഥാകൃത്തും സിനിമാസംവിധായകനും നോവലിസ്റ്റുമാണ്. ഇദ്ദേഹം മുസ്ലിം ജീവിതത്തെ ഇതിവൃത്തമാക്കിയാണ് രചനകളിലേറെയും നിർവ്വഹിച്ചിട്ടുള്ളത്. നോവൽ, നാടകം എന്നീ സാഹിത്യവിഭാഗങ്ങളിലായി ഇരുന്നൂറിലധികം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. എന്നിട്ടും എന്ത് കൊണ്ടാണ് സാഹിത്യകാരുടെ ഇടയിൽ അർഹിക്കുന്ന സ്ഥാനം കിട്ടാതെ പോയത് എന്നതും തിരിച്ചറിയപ്പെടാതെ പോയി എന്നതും പഠിക്കേണ്ട വസ്തുതയാണ്. മുസ്ലിം കുടുംബങ്ങളിലെ അമ്മായിയമ്മ-മരുമക്കൾപ്രശ്നം, സഹോദരിയുടെ വിവാഹമോചനം, സ്വത്തവകാശം, ഒന്നിലധികം പങ്കാളികൾ തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന കുടുംബചിത്രങ്ങൾ പ്രമേയമാക്കിയാണ് അദ്ദേഹത്തിന്റെ നോവലുകളധികം രചിച്ചത്. അതുകൊണ്ട് തന്നെ സോഷ്യൽ ഫെമിനിസത്തിന്റെ രീതിശാസ്ത്രമാണ് സൈദ്ധാന്തികതലമായി ഈ പഠനത്തിന് ആധാരമായി ഉപയോഗിക്കുന്നത്.

**താക്കോൽ വാക്കുകൾ:** സ്ത്രീ, ലൈംഗികത, ആണത്വം, അധീശത്വം, കാമനകൾ

## ആമുഖം

മുസ്ലിം സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട മൊയ്തുപടിയത്തിന്റെ നോവലാണ് 'ഇരുളിലെ ജീവിതം.' ഈ നോവലിൽ കാണപ്പെടുന്ന രണ്ട് മാനങ്ങളുണ്ട്. ഒന്ന് പ്രകടമാകാത്ത ഫെമിനിസ്റ്റ് വീക്ഷണം, മറ്റൊന്ന് ഇസ്ലാംമതത്തിലെ സ്ത്രീയനുഭവങ്ങളുടെ സത്യസന്ധമായ ആവിഷ്കാരമാണിത്. മതങ്ങൾ പൊതുവെ പെണ്ണിനെ അകത്തളങ്ങളിൽ ഒതുക്കിനിർത്താനാണ് ആഗ്രഹിക്കുന്നത്. ഇസ്ലാംമതത്തിൽ സ്ത്രീകളുടെ അവസ്ഥ വളരെ ദയനീയമാണ്. പള്ളിയിൽ

പ്രവേശിക്കുന്നതിനു അവകാശമില്ല. പർദ്ദ ധരിച്ചു നടക്കണം. ശൈശവവിവാഹം, ബഹുഭാര്യത്വം തുടങ്ങിയ അനേകം പ്രാകൃതനിയമങ്ങളും അന്ധവിശ്വാസങ്ങൾക്കുമെതിരെയാണ് മൊയ്തുപടിയത്ത് തന്റെ കൃതികളിലൂടെ പ്രതികരിക്കുന്നത്. ജീവശാസ്ത്രപരമായ ചില വ്യത്യാസങ്ങൾ ഒഴിച്ചാൽ ജനനംകൊണ്ട് സ്ത്രീയും പുരുഷനും തുല്യരാണ്. പക്ഷേ സഹസ്രാബ്ദങ്ങളായി സ്ത്രീകൾ നിന്ദിതരും പീഡിതരുമായി പുരുഷമേൽക്കോയ്മക്ക് അധീനരായി കഴിയുന്നു. സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന അസമത്വങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരെയാണ് മൊയ്തുപടിയത്ത് തന്റെ നോവലിൽ പ്രതികരിച്ചത് എന്നത് ശ്രദ്ധേയമാണ്. ഇതിന് പ്രധാനമായി കാണുന്നത് സാംസ്കാരികമായി വികാസം പ്രാപിച്ച മനുഷ്യസമൂഹത്തിൽ ഉടലെടുത്ത സംഘടിത മതങ്ങളും, വൈദികപാരമ്പര്യങ്ങളും സ്ത്രീകളുടെമേൽ പുരുഷന്മാർക്കുള്ള ആധിപത്യത്തെ ഉറപ്പിച്ചു സ്ത്രീകളെ പർദ്ദയ്ക്കുള്ളിൽ ഒതുക്കിയ ഇസ്ലാംമതം സ്ത്രീകൾ വക്രബുദ്ധികളാണെന്നും അവർക്ക് ബുദ്ധിയും ദീനും കുറവാണെന്നും പുരുഷനോട് അനുസരണക്കേടുകാട്ടിയാൽ നരകത്തിൽ പോകുമെന്നും അനുശാസിച്ചു. അടിമവ്യവസ്ഥിതിയിൽ നിലനിന്നിരുന്ന കുടുംബവ്യവസ്ഥിതിയുടെ ഇരകളായിരുന്നത് അധികവും സ്ത്രീകളാണ്. പ്രധാനമായും ലൈംഗികചൂഷണത്തിന് ഇവർ പലതരത്തിൽ വിധേയമാകുന്നുണ്ട് എന്നതാണ് ഈ നോവലിൽ പ്രമേയമാക്കുന്നത്. ഫ്യൂഡൽ സാമൂഹികഘടനയിൽ നിന്നും വ്യവസായയുഗത്തിലേക്കും മുതലാളിത്തവ്യവസ്ഥിതിയിലേക്കും കടന്നപ്പോഴും സ്ത്രീ അസ്വതന്ത്രയും ചൂഷണവിധേയയും ആയിരുന്നു. കുടുംബജീവിതം, ലൈംഗികത, ലൈംഗികാതിക്രമണങ്ങൾ, സ്വന്തം ശരീരത്തിന് മേലുള്ള അവകാശം എന്നിങ്ങനെയുള്ള സ്വകാര്യജീവിതത്തിന്റെ മർദ്ദിതാവസ്ഥയെകുറിച്ച് ഈ നോവലിൽ കണ്ടെത്താനാവും. ഇവിടെയാണ് വ്യക്തി ജീവിതാനുഭവങ്ങളെ സാമൂഹികവത്കരിച്ചുകൊണ്ട് രാഷ്ട്രീയപ്രക്രിയകളിൽ ഫെമിനിസ്റ്റുകൾ ഇടപെടേണ്ടത്. പക്ഷേ കുടുംബവ്യവസ്ഥയും സമ്പദ്ഘടനയും, മുതലാളിത്ത വ്യവസ്ഥയും നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്ത പുരുഷാധിപത്യവ്യവസ്ഥയുടെ കള്ളത്തരങ്ങളെ തുറന്നുകാട്ടി പുരുഷാധിപത്യത്തെ ഒരു സാമൂഹികപ്രതിഭാസമായി കാണുകയും അതിനെ പിതൃമേധാവിത്വം (Patriarchy) എന്ന് പേരിട്ടുവിളിക്കുകയും ചെയ്തു. ആധുനിക ഫെമിനിസം ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ വിഭജനങ്ങളെയും എതിർക്കുന്നു. ലിംഗം (sex) ജീവശാസ്ത്രപരമായ അവസ്ഥയാണ്. ആൺ-പെൺ വ്യത്യാസം പ്രകൃതിനിയമമാണ്. എന്നാൽ ലിംഗപദവി (gender) സമൂഹം നിർമ്മിച്ചുനൽകുന്ന സങ്കൽപമാണ്. അവിടെ സ്ത്രീ, അമ്മ, ഭാര്യ, മകൾ, കന്യക തുടങ്ങിയ പല പദവികളും വഹിക്കുന്നു. ഫെമിനിസ്റ്റ് വക്താക്കൾ ഇതിനെ അടിമത്തമായി കണ്ട് എതിർക്കുന്നു. ബലാൽസംഗം, കുടുംബത്തിനകത്തെ ഹിംസകൾ, പീഡനങ്ങൾ, ലൈംഗികമായ തമാശകൾ, പരിഹാസങ്ങൾ തുടങ്ങി സർവ്വവും ഏതെങ്കിലും ചില പ്രത്യേക പുരുഷന്മാരിൽനിന്നും സംഭവിക്കുന്നതല്ലെന്നും ഒരു സമഗ്രവ്യവസ്ഥയായ പുരുഷാധിപത്യത്തിന്റെ അനിവാര്യതകളാണെന്നും സ്ത്രീകൾ മനസ്സിലാക്കിത്തുടങ്ങി. ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രങ്ങളും സംഘടിതപ്രവർത്തനങ്ങളും പാശ്ചാത്യലോകത്ത് ഉൽഭവിച്ചതാണെങ്കിലും അവ വളരെവേഗം തന്നെ എല്ലാരാജ്യങ്ങളിലേക്കും എത്തി എന്നും നമുക്ക് കാണാം. പുരുഷന്റെ കാമകേളികൾക്കും ഭോഗസൗന്ദര്യാസ്വാദനയ്ക്കും ശമനം വരുത്തുന്ന കേവലവസ്തുവായിട്ടാണ് സ്ത്രീയെ കാണുന്നത്. പൗരാണികകാലം മുതൽ തന്നെ നമ്മുടെ മണിപ്രവാളസാഹിത്യത്തിലും ഭക്തികാവ്യങ്ങളിലും മഹാകാവ്യങ്ങളിലും ഗദ്യസാഹിത്യത്തിലും പുരോഗമനസാഹിത്യത്തിൽ പോലും ആധുനികതയുടെ അസ്തിത്വദർശനങ്ങളിലും വർത്തമാ


ISSN: 2582 - 2594

നകാലത്ത് സജീവമായി നിൽക്കുന്ന ഉത്തരാധുനിക കാവ്യധാരയിൽ വരെ നാം കണ്ടുമുട്ടുന്ന സ്ത്രീസ്വത്വങ്ങൾ ഇതിൽനിന്ന് ഭിന്നമല്ല. ചിരപുരാതനകാലം മുതൽ തന്നെ സ്ത്രീയെ അബല എന്നും ചപല എന്നും ഭീരു എന്നുമൊക്കെയാണല്ലോ കവികൾ വാത്സല്യപൂർവ്വം വിളിക്കാറ്. ഇത് കേട്ട് തങ്ങൾ അങ്ങനെയാണെന്ന് അവർ ധരിച്ചുവച്ചിരുന്നു. പക്ഷേ സ്ത്രീയുടെ നെഞ്ചിനകത്തെ ത്രസിക്കുന്ന ഹൃദയവും അതിലുള്ള ചൂടും ചൈതന്യവും, കണ്ണീരും നെടുവീർപ്പുകളും ആരും കണ്ടില്ല. അവളുടെ സൗന്ദര്യത്തേയും അംഗലാവണ്യത്തേയും വർണ്ണിച്ചവരെല്ലാം സ്ത്രീയെന്നും സാഹിത്യത്തിൽ ഭോഗത്തിനുള്ള ഉപകരണം മാത്രമായിരുന്നു. പുരുഷന്മാർ തങ്ങളുടെ കൃതിയിൽ സ്ത്രീകളെ രേഖപ്പെടുത്തുന്നത് അവരുടെ ലൈംഗികപദവിയെ അടിസ്ഥാനമാക്കിയാണ്. പുരുഷന്മാർ തങ്ങളുടെ പാടിയാർക്കി മനോഭാവത്തിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിച്ചുവെച്ച സ്ത്രീബിംബങ്ങളെ തിരിച്ചറിയുന്നിടത്തും അതിനെ പ്രതിരോധിക്കുന്നിടത്തുമാണ് ഫെമിനിസ്റ്റ് പ്രമേയങ്ങൾ ശക്തിയാർജ്ജിക്കുന്നത്. പുരുഷഭാഷ അധികാരത്തിന്റേതാകുമ്പോൾ സ്ത്രീഭാഷ സ്നേഹത്തിന്റെയും സൗമ്യതയുടേതുമാകുന്നു.

'ഇരുളിലെ ജീവിതം' എന്ന നോവൽ മുസ്ലിംപശ്ചാത്തലത്തിൽ ഊന്നിക്കൊണ്ടുള്ളതാണ്. സഫീസ താത്ത, കുഞ്ഞിവീരാൻ കാക്കയുടെയും ഒമ്പതു മക്കളിൽ ഏഴു കുട്ടികൾ മരിക്കുകയും ഒരാൾ നാടുവിടുകയും ചെയ്തു. അഞ്ച് വർഷമായി അയാളെക്കുറിച്ച് ഒരു വിവരവുമില്ല. ഒമ്പതാമത്തെ കുട്ടിയാണ് ഹവ്വ. ജാറത്തിന്റെയും വിശ്വാസത്തിന്റേതുമായ തലങ്ങൾ, യാസീൻ, ഓത്ത്, റാത്തീബ്, മൗലീദ് തുടങ്ങിയവയെക്കുറിച്ചും പറയുന്നുണ്ട് ഇവിടെ. കുഞ്ഞിമുഹമ്മദ് ഹാജിയുടെ മകന്റെ കുട്ടിയെ നോക്കാൻ ആറു വയസുകാരിയായ ഹവ്വയെ കൊണ്ടുപോകണം. കുഞ്ഞിവീരാൻ കാക്കയുടെ വാപ്പ, അദ്ദേഹത്തിന്റെ വാപ്പ അങ്ങിനെ മുൻതലമുറയിൽ പെട്ടവർ അനുസരിച്ചു പോന്നിട്ടുള്ള ഒരാചാരമാണിത്. മുസ്ലിം സമുദായങ്ങൾക്കിടയിൽ അടിമസ്ത്രീകളെ തുച്ഛമായ വിലക്ക് വാങ്ങിക്കുകയും, കഠിനമായ വീട്ടുജോലികൾ എടുപ്പിക്കുകയും, ലൈംഗികചൂഷണത്തിന് ഇരയാക്കുകയും ചെയ്തിരുന്നു. കന്നുകാലികളേക്കാൾ ദയനീയമായിരുന്നു ഇവരുടെ ജീവിതം. നിശ്ശബ്ദം പീഡനങ്ങൾ ഏറ്റുവാങ്ങാനായിരുന്നു ഇവരുടെ വിധി. കൊല്ലാനും ആക്രമിക്കാനും ഇവരുടെ മുതലാളികൾക്ക് അനുവാദം ഉണ്ടായിരുന്നു. 'വെള്ളാട്ടികൾ' എന്ന പേരിൽ ഇവർ അറിയപ്പെടുന്നു. കുഞ്ഞി വീരാൻ കാക്ക തന്റെ ഏകമകളെ വിലയ്ക്ക് വാങ്ങിക്കാൻ വന്നതറിഞ്ഞപ്പോൾ തകർന്നുപോയി. ഇക്കാക്കമാരുടെ ആജ്ഞകളെ പടച്ചവന്റെ വചനങ്ങളായി കരുതി ആരാധിച്ചുവന്നിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. മുതലാളിയുടെ അപേക്ഷ നിരസിക്കാൻ പാടില്ല, ആജ്ഞയാണത്. അനുസരിക്കാതിരുന്നാൽ ആ കുടുംബം ഒന്നോടെ തകരുകയും, മുതലാളിമാർ തകർക്കുകയും ചെയ്യും. 'ഞമ്മടെ മൂത്തമോൻ അലിക്കുഞ്ഞിടക്കാവിനെ നോക്കാനാരുമില്ല, ഞമ്മക്ക നിന്റെ മോളെ ബെലക്ക് തരണം', ഇത് കേട്ടപ്പോൾ ഹൃദയത്തിൽ ഇടിത്തീവീണ പോലെയായി. കാരണം, ശാരീരികമായും മാനസികമായും ഉള്ള പീഡനം ഉറപ്പാണ്. അക്കാലത്ത് ഇക്കാക്കമാർ രുചിയറിയാത്ത ഒരൊറ്റ പെൺകിടാങ്ങളും ജീവിച്ചിരിപ്പുണ്ടായിരുന്നില്ല. കല്യാണം കഴിയുന്ന പെണ്ണ് പ്രഥമരാത്രിയിൽ ഇക്കാക്കയുടെ വീട്ടിൽ എത്തിക്കൊള്ളണം. അതായിരുന്നു കൽപന, അതാണ് നാട്ടുനടപ്പ്.

അങ്ങിനെ തലമുറതലമുറയായി അനുസരിക്കാനല്ലാതെ എതിർക്കാൻ പഠിച്ചിട്ടില്ലാതിരുന്ന ആ വർഗ്ഗം ഇന്നും ഇതെല്ലാം മൂകരായി സഹിക്കുകയാണ്. കുഞ്ഞിമുഹമ്മദ് ഹാജി പത്ത്

വെള്ളി രൂപകൾ കുഞ്ഞിവീരാൻ കാക്കയുടെ കൈക്കുമ്പിളിൽ ഇട്ടുകൊണ്ട് പറഞ്ഞു. 'ഇനി താൻ പൊക്കൊ' സ്വന്തം മകളെ വിറ്റുകിട്ടിയ വെള്ളി രൂപകൾ തോട്ടിലേക്ക് വലിച്ചെറിഞ്ഞു. ആറുവയസുകാരിയായ ഹവ്വയെ ശാരീരികമായും മാനസികമായും ക്രൂരമായി മർദ്ദിക്കുക പതിവായിരുന്നു. ഭാരമുള്ള എല്ലാ ജോലികളും ഏൽപ്പിക്കുന്നു. കൂടാതെ ആ വീട്ടിലെ എല്ലാ കുട്ടികളേയും നോക്കുകയും ചെയ്യണം. കുട്ടി കരഞ്ഞാൽ ഹവ്വയെ ഉപദ്രവിക്കും. അവിടെയുള്ളവർ പറയും. 'മനസ്സൊണ്ടായിട്ടാതല്ലേ്യത്' ഓ! ഇത്തത്ത ശോദിക്കാമ്പന്നേക്കേണേ? ഞങ്ങളവളെ കൊല്ലും നീയാരാടീ ചോദിക്കാൻ എന്നാണ് ഹവ്വയുടെ ഉമ്മയോട് പറഞ്ഞത്. 'ഹെല്ലാം നിന്റെ തലബിതി' എന്നാണ് ഉമ്മയും ബാപ്പയും പറയുന്നത്. നോവലിൽ പറയുന്നുണ്ട്, അന്ധിശ്വാസങ്ങളും അനാചാരങ്ങളും നാട്ടിൽ നിന്നും നിർമ്മാർജ്ജനം ചെയ്യേ പറ്റൂ. മുസ്ലിം സമുദായത്തിൽ നിഷ്ഠൂരവും, നികൃഷ്ടവുമായ രീതിയിൽ 'വെള്ളാട്ടികൾ' എന്ന പേരിൽ ചെറിയ പെൺകുട്ടികളേയും, സ്ത്രീകളേയും തുച്ഛമായ വിലക്ക് വാങ്ങുന്നു. സമ്പന്നവും, പ്രതാപവും നിറഞ്ഞ മുസ്ലിം തറവാടുകളിൽ ഇത്തരം കാടത്തം നിറഞ്ഞ രീതികൾ കണ്ടതായി പറഞ്ഞുകേട്ടിട്ടുണ്ട്. 'ബളയിടണതും നല്ല നല്ല തുണികുപ്പായോമിടണതും, ദേവസേം കുളിക്കണതും അത്തറുപൊരട്ടണതുമൊക്കെ ഞമ്മളെപ്പോലെ ബടുക്കത്തിക്കളുക്ക അറാമാ'-എന്നാണ് ഹവ്വയോട് ഇവരുടെ കൂട്ടത്തിലുള്ള സ്ത്രീകൾ പറയുന്നത്. ഇത്തരം വിഭാഗങ്ങളെ വിശ്വസിപ്പിച്ചും ഭയപ്പെടുത്തിയും അനുസരിച്ചും പോന്നിരുന്ന ദുരാചാരങ്ങളാണിതെല്ലാം. അറബ് സമുദായങ്ങളിൽ, നബിമാരുടെ കാലത്ത് അടിമസ്ത്രീകളെ വാങ്ങിയിരുന്നു എന്ന് കൃതികളിൽ കാണാം. ഖുറാനിൽ സ്ത്രീകളെ സംരക്ഷിക്കാനും, ബഹുമാനിക്കാനും, വിദ്യാഭ്യാസം കൊടുക്കാനുമാണ് പറയുന്നത്. യുദ്ധം ചെയ്തിരുന്ന സ്ത്രീകളും, യൂണിവേഴ്സിറ്റി സ്ഥാപിച്ചിരുന്ന സ്ത്രീയെക്കുറിച്ചും ചരിത്രപുസ്തകത്തിൽ വായിക്കാം. ഖുർആനിന്റെയും, മതങ്ങളുടെയും, നബിവചനങ്ങളുടെയും പേരിൽ നടത്തുന്ന ഇത്തരം സാമുദായിക അനാചാരങ്ങളെ എതിർക്കുക തന്നെ വേണം എന്നാണ് മൊയ്തു പടിയത്ത് പറയുന്നത്. സമുദായത്തിൽനിന്നും കുടുംബത്തിൽനിന്നും പുറത്താക്കപ്പെടുകയും തന്റെ കൃതികളുടെ രചനയിൽ രോഷം പൂണ്ട് ഒറ്റപ്പെടുത്തുകയും ചെയ്തിരുന്ന അവസ്ഥ ഇദ്ദേഹത്തിനുണ്ടായിട്ടുണ്ട്.

ഹവ്വയുടെ ഉമ്മ മരിച്ചിട്ട് കാണാൻ പോകാൻ സമ്മതിക്കുന്നില്ല. കുഞ്ഞിമുഹമ്മദ് ഹാജി മരിച്ചതിനുശേഷം മകനായ അലിക്കുഞ്ഞിയും ഭാര്യയും കുട്ടികളും പുതിയ മാളിക വീട്ടിലേക്ക് മാറിത്താമസിച്ചു. സ്വത്തുക്കൾ ഭാഗം ചെയ്യുന്ന കൂട്ടത്തിൽ ഇയാൾ വാങ്ങിച്ചിരുന്ന ബടുക്കന്മാരേയും, ബടുക്കത്തികളേയും കൂടി ഭാഗിച്ചു. അലിക്കുഞ്ഞിയുടെ ഭാഗത്തിലാണ് ഹവ്വയും, അവോക്കർ എന്ന പേരുള്ളയാളും ഇത്പോലെ തലമുറകളായി അവിടത്തെ വേലക്കാരാണ്. പിന്നീട് ഹവ്വയും അവോക്കറും പ്രണയത്തിലാവുന്നു. ഇരുവരും സൗന്ദര്യവും ആരോഗ്യവുമുള്ള ചെറുപ്പക്കാരാണ്. ഒരിക്കൽ ഹവ്വ വീട്ടിലേക്ക് ഒളിച്ചു രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ അവരുടെ മുതലാളി പോലീസിനെകൊണ്ട് പിടിപ്പിക്കുന്നുവെന്നു കാണുന്നു. അലിക്കുഞ്ഞി ഹവ്വയെ നിരന്തരമായി ലൈംഗികപീഡനത്തിരയാക്കുന്നു. ഇതിനൊടുവിൽ ഗർഭിണിയാവുകയും അവോക്കറിനെക്കൊണ്ട് കല്ല്യാണം കഴിപ്പിക്കുകയും ചെയ്യുന്നു. ബടുക്കത്തികളെ ലൈംഗികമായി ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം ഇവർക്കുണ്ടായിരുന്നു. അധികാരത്തിനുമുന്നിൽ അവൾ അശക്തയായിരുന്നു. 'ഹവ്വ എനിക്ക് കെർപ്പാണ്, ബയ്യുണ്ടാക്കാം, അവോക്കരേ നിന്റെ കല്ല്യാണം മറ്റന്നാളാ. അവ്വാനെ നെനക്ക് കെട്ടിക്കാമ്പോന്ന്'-ഈ വാർത്ത കേട്ട് ഹവ്വ നടുങ്ങിപ്പോവുന്നു. നിസ്സഹായയായ


ISSN: 2582 - 2594

കളങ്കിതയായ ആ സ്ത്രീക്ക് അനുസരിക്കാനേ കഴിഞ്ഞുള്ളൂ. ആ കുട്ടി മരിക്കുകയും പിന്നീട് ഇവർക്ക് ഒരു കുട്ടിയുണ്ടാവുകയും ചെയ്യുന്നു. അവോക്കർ അപകടത്തിൽ മരിക്കുന്നു. വിധവയായ ഹവ്വ കൊടിയ പീഡനത്തിൽ കുഞ്ഞിനെ സംരക്ഷിക്കാനാകാതെ നരകിച്ച് ജീവിക്കുന്നു. ആ വീട്ടിലെ മറ്റ് കുട്ടികൾ കുഞ്ഞിനെ ഉപദ്രവിക്കുകയും ചെയ്യുന്നു. ഹവ്വയുടെ കുഞ്ഞ് മരിക്കുന്നു. അങ്ങനെ ഹവ്വയുടെ ജീവിതം വീണ്ടും ഇരുളിലാവുന്നു. സ്വാതന്ത്ര്യദിനത്തിന്റെ അന്നാണ് കുട്ടി മരിച്ചത്. സ്വാതന്ത്ര്യം എന്താണെന്ന് ഹവ്വക്കറിയില്ല. അല്ലെങ്കിലും, ബട്ടകന്മാർക്ക് ഇവരുടെ ഗതികേടിൽ നിന്ന് മോചനമില്ല, ഒരിക്കലും രക്ഷപ്പെടാനും കഴിയില്ല. മുസ്ലിം സ്ത്രീയുടെ ലൈംഗി കോത്കർഷം മലയാളനോവലുകളുടെ മറ്റൊരു വിഭവമായിരുന്നു. മുസ്ലിം പുരുഷന്റെ അമിതമായ കാമാസക്തികളുടെ ഇരയോ മുസ്ലിം പെണ്ണിന്റെ അമർത്തിവെച്ച കാമാസക്തികളുടെ പ്രകടന ങ്ങളോ ആയിരുന്നു ഇത്തരം കഥാപാത്രങ്ങളെല്ലാം. പ്രമേയതലത്തിൽ മുസ്ലിം സാമുദായിക ജീവിതം ആവിഷ്കരിച്ച ഈ നോവലിൽ മുസ്ലിം പെണ്ണിനെ വരച്ചത് മുസ്ലിം ആണിന്റെയും ഇസ്ലാം മതത്തിന്റെയും ഇര എന്ന മട്ടിലാണ്. മൊയ്തു പടിയത്തിന്റെ ഒട്ടേറെ നോവലുകളിൽ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. ഇസ്ലാമിക നിയമത്തിലെ ആചാരമേത്, മുസ്ലിം ജീവിതത്തിലെ അനാചാരമേത് എന്ന് വേർതിരിച്ചറിയാതെയും ഇസ്ലാമിക ഭീതി പരത്തുന്നരീതിയിൽ ഉള്ളതായിരുന്നു. ഈ നോവലിലെ പരാമർശങ്ങളെല്ലാം തന്നെ മാപ്പിളപെണ്ണിന്റെ ലോകം എന്നത് പുറത്തേക്ക് വരാൻ അറച്ചുനിൽക്കുന്ന കരച്ചിലിനെയാണ് കാണിക്കുന്നത്. പുരുഷകേന്ദ്രീകൃതമായ സമൂഹത്തിന്റെ എല്ലാ പീഡനങ്ങളേയും ഒന്നു പ്രതി ഷേധിക്കാൻ ശ്രമിക്കുകപോലും ചെയ്യാതെ നൊമ്പരങ്ങൾ ഉള്ളിലൊതുക്കി ഏറ്റുവാങ്ങുന്ന ദുഃഖ പുത്രികളാണിവർ. അജ്ഞതയോടെയും അന്ധവിശ്വാസങ്ങളോടെയുമുള്ള മാപ്പിളപ്പെണ്ണിന്റെ ചിത്രത്തിനു മാറ്റമുണ്ടാവാൻ വഴിയില്ല. പോരാത്തതിന് കുടുംബത്തിനകത്തും പുറത്തും അവളെ അടിച്ചമർത്തുന്ന നിയമവ്യവസ്ഥകളുടെയും പ്രതികൂല സാഹചര്യങ്ങളുടെയും നിരന്തരസാന്നി ദ്ധ്യം അതിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. സാഹചര്യത്തിനനുസരിച്ച് ഉയരുവാനും പ്രതികരി ക്കാനും കഴിയുന്ന ഒരു മുഖം മാപ്പിള പെണ്ണിനുണ്ടാകണം, വിവാഹമോചനം, ബഹുഭാര്യത്വം, അനന്തരാവകാശം, ഇക്കാര്യത്തിലെല്ലാം പുരുഷകേന്ദ്രീകൃതമായ രീതിയിലാണ് ഇസ്ലാമിൽ കാണപ്പെടുന്നത്. ഇന്ന് മാപ്പിള പെണ്ണിന്റെ സ്ഥിതി വളരെയധികം മാറിപ്പോയിട്ടുണ്ട്. അവരുടെ കൂട്ടത്തിൽനിന്ന് സാഹിത്യകാരികളൊക്കെയുണ്ട്. ഇതെല്ലാം ഇത്തരത്തിലുള്ളവരുടെ ജീവിത വീക്ഷണത്തിലും ജീവിതസമ്പ്രദായത്തിലുമൊക്കെ കാര്യമായ മാറ്റം വരുത്തുന്നുണ്ട്. മുസ്ലിം സാമൂഹികജീവിതത്തിൽ മിക്കവാറും കാണുക സമ്പന്നരോ, മധ്യവർഗ്ഗമോ ആയിരിക്കും. ഇത്ത രത്തിൽ ഫ്യൂഡലിസ്റ്റ് പ്രമാണിമാരുടെ ക്രൂരതയുടെ കഥകളും നമുക്ക് പല നോവലുകളിലും വായിക്കാവുന്നതാണ്. യു.എ. ഖാദറിന്റെ 'ചങ്ങല' എന്ന നോവലിൽ സ്വന്തമായി നാൽപത് 'വെള്ളാട്ടിമാർ' ഉണ്ടായിരുന്ന ഹജ്ജ് ബിത്താത്തയെകുറിച്ച് പറയുന്നുണ്ട്. അക്രമങ്ങളിലും ക്രൂരതകളിലും, യുദ്ധങ്ങളിലും, ഇരയാക്കപ്പെടുന്നത് സ്ത്രീകളും കുട്ടികളുമാണ് എന്നതിന്റെ വ്യ ക്തമായ ചിത്രം ഈ നോവലിലൂടെ കാണാനാവും.

**ഉപസംഹാരം**

അഫ്ഗാനിസ്ഥാനിലെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സമകാലിക അവസ്ഥയെ യാണ് ഈ നോവൽ ഇതിവൃത്തം ഓർമ്മപ്പെടുത്തുന്നത്. സ്ത്രീകൾക്ക് അശാന്തിയുടെ നാളുകൾ

നൽകി താലിബാൻ സ്ത്രീകളുടെ ജീവിതം കടുത്ത നിയന്ത്രണത്തിലും, ദുരിതത്തിലുമാക്കുന്നുവെന്നു കണ്ടു. ഇവിടെയും കുട്ടികളും, സ്ത്രീകളും ആണ് ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത്. അഫ്ഗാനിസ്ഥാനിലെ പ്രദേശങ്ങൾ പിടിച്ചെടുക്കുന്നതിനൊപ്പം കൗമാരക്കാരായ പെൺകുട്ടികളെയും, യുവതികളെയും തട്ടിക്കൊണ്ടുപോയി നിർബന്ധിച്ച് ഭീകരർക്ക് വിവാഹം ചെയ്തു കൊടുക്കുന്നതായും റിപ്പോർട്ടുകൾ ഉണ്ട്. ഒരു സ്ഥലം പിടിച്ചെടുത്താൽ സ്ത്രീകളടക്കം എല്ലാ വസ്തുക്കളും വിജയിക്ക് അവകാശപ്പെട്ടതാണ് എന്നാണ് ഭീകരരുടെ തത്വമെന്ന് അമേരിക്കൻ യൂണിവേഴ്സിറ്റി ഓഫ് അഫ്ഗാനിസ്ഥാനിലെ പ്രൊഫസർ ഒമർ സദർ പറയുന്നു. സ്ത്രീകളെ വിവാഹം കഴിക്കുകയല്ല, മറിച്ച് ലൈംഗിക അടിമകളാക്കി മാറ്റുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം പറയുന്നുണ്ട്. ഇസ്ലാംമതത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യേണ്ട അനാചാരം എന്ന നിലയിൽ സ്ത്രീകളുടെ ലൈംഗിക അടിമത്തം ഒരു ആഗോളപ്രതിഭാസമാണെന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. ഇതും ഈ നോവലിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. ആൺവർഗ്ഗവും പെൺവർഗ്ഗവും തമ്മിലുള്ള അധീശത്വത്തിന്റേയും വിധേയത്വത്തിന്റേയുമായ ഈ ബന്ധമാണ് ലൈംഗിക രാഷ്ട്രീയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് കേറ്റ് മില്ലറ്റ് തന്റെ പുസ്തകമായ സെക്ഷ്വൽ പൊളിറ്റിക്സിൽ പറയുന്നുണ്ട്. സ്ത്രീകൾക്ക് വിവാഹമോചനത്തിനും സ്വത്തിനും സമ്മതിദാനത്തിനുമുള്ള അവകാശം തീക്ഷ്ണത കുറക്കാൻ കഴിയും. പക്ഷെ വിവാഹത്തോടെ ഭർത്താവിന്റെ പേരും കുടുംബവും ദേശവും, സ്വീകരിക്കാൻ നിർബന്ധിതയാവുന്നതിലൂടെ സാമ്പത്തിക സുരക്ഷിതത്വത്തിനുവേണ്ടി വീട്ടുജോലിയും ലൈംഗികതയും പകരം നൽകേണ്ടിവരുന്നതിലൂടെ സ്ത്രീയുടെ വസ്തുവത്കരണം തുടർന്നുകൊണ്ടിരിക്കുന്നു. പാട്രിയാർക്കിയുടെ ഫലമായി മില്ലറ്റ് കേറ്റ് പറയുന്നത് 'സംസ്കാരമൊന്നാകെ ജീവിതത്തിന്റെ എല്ലാമേഖലകളിലും പുരുഷാധികാരത്തെ പിന്തുണക്കുന്നു'. സ്ത്രീകൾക്ക് ഒരധികാരവും നൽകുന്നുമില്ല. ബലാൽസംഗത്തിൽ ആക്രമണോൽസുകത, വെറുപ്പ്, പുച്ഛം, ഇരയുടെ വ്യക്തിത്വത്തെ തകർക്കാനും നശിപ്പിക്കാനുമുള്ള ത്വര എന്നീ വികാരങ്ങൾ ലൈംഗികരാഷ്ട്രീയത്തിന് ഏറ്റവും അനുയോജ്യമായ രൂപം സ്വീകരിക്കുന്നു. ലൈംഗികത ഒരു കുറ്റമാണെന്ന പാട്രിയാർക്കൽ വിശ്വാസം സ്ത്രീയിലാണ് കൂടുതൽ ആഘാതമുണ്ടാക്കുന്നത്. അത് സ്ത്രീ ലൈംഗികോപകരണം മാത്രമാണെന്ന ധാരണയിലേക്ക് നയിക്കുന്നു. പിതൃ അധികാരത്തിന്റെ ഈ സർവ്വാധിപത്യം അവസാനിപ്പിക്കാൻ ഒരു ലൈംഗികവിപ്ലവം തന്നെ നമുക്ക് വേണ്ടിവരും. പുരുഷമേധാവിത്വത്തേയും, സ്റ്റാറ്റസ്, റോൾ, ടെംപറമെന്റ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിലൂടെ അതിനെ താങ്ങിനിർത്തുന്ന പരമ്പരാഗത സാമൂഹ്യവൽക്കരണത്തേയും നാമാവശേഷമാക്കുന്ന ഒരു ലൈംഗിക വിപ്ലവം ആയിരിക്കും അത്. അതിന്റെ ഫലമായി പൗരുഷ സ്ത്രൈണ വിഭജനത്തെക്കുറിച്ച് ഒരു പുനർവിചിന്തനമുണ്ടാവും. പൗരുഷമായ ആക്രമണോൽസുകതയും സ്ത്രൈണമായ വിധേയത്വവും എന്ന സാമൂഹ്യയവബോധം ഇല്ലാതാവും. പൗരുഷമെന്നു കരുതപ്പെടുന്ന കാര്യക്ഷമതയും ധൈഷണികതയും സ്ത്രൈണമായ ആർദ്രതയും അപരനോടുള്ള പരിഗണനയും ലിംഗഭേദമെന്യേ എല്ലാവർക്കുമുണ്ടാവുന്ന അവസ്ഥ സംജാതമാവും. അഫ്ഗാനിസ്ഥാനിലെ സ്ത്രീകളുടേയും പെൺകുഞ്ഞുങ്ങളുടെയും ഇരുളിലെ ജീവിതത്തോടും ലൈംഗികമായ അടിമത്തത്തോടും ഈ നോവൽ പ്രമേയപരമായി ബന്ധപ്പെടുന്നുണ്ട്. മുസ്ലിം സമുദായത്തിൽ മൊയ്തു പടിയത്തിന്റെ നോവലിൽ പറയുന്ന തരത്തിലുള്ള 'വെള്ളാട്ടി'കളെ, വിലക്ക് വാങ്ങുന്ന സമ്പ്രദായം ഈ കാലഘട്ടത്തിൽ ഒരിക്കലും നടക്കുന്നില്ല എന്നത് വളരെ ആശ്വാസകരവും സമാധാനപരവും ആണ്.


ISSN: 2582 - 2594

## ഗ്രന്ഥസൂചി


1. ഉമ്മുൽ ഫായിസ (എഡി.) 2020, ഇസ്ലാമിക ഫെമിനിസം, അദർ ബുക്സ്, കോഴിക്കോട്.
2. ഫൗസിയ ഷംസ് (എഡി.) 2020, മുസ്ലിംഗ് സ്ത്രീ സംഭാഷണത്തിന്റെ അകവും പുറവും, പെൻഡുലം ബുക്സ്, കോഴിക്കോട്.
3. രശ്മി.ജി, അനിൽകുമാർ.കെ.എസ് (എഡി.) 2016, വിമതലൈംഗികത, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. വേണുഗോപാലൻ.കെ. (എഡി.) 2006, കേരളം ലൈംഗികത, ലിംഗനീതി, സൈൻ ബുക്സ്, തിരുവനന്തപുരം.
5. മൊയ്തുപടിയത്ത് (എഡി.) 1956, ഇരുളിലെ ജീവിതം, ഗോയി പബ്ലിക്കേഷൻസ്. എറണാകുളം.
6. Kate Millett (Ed.) 1970, Sexual Politics, Double Day Publications, New York.